# പതിനാലാം കേരള നിയമസഭ

## (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3193** 07.02.2018-ൽ മറുപടിയ്ക്ക്

## തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.എം. മുകേഷ്<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കടലാക്രമണ ഭീഷണിയുള്ള മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | എ) കടലാക്രമണ ഭീഷണിയുള്ള മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| ബി) സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിവിധ തലങ്ങളിൽ സമയാസമയങ്ങളിൽ വിലയിരുത്തുന്നുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിലും ഫിഷറീസ് ഡയറക്ടർ, ഗവൺമെന്റ് സെക്രട്ടറി തലങ്ങളിലും അവലോകനം നടത്തുന്നുണ്ട്. കൂടാതെ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിതലത്തിലും പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |
| സി) തീരദേശവാസികളെ സാമ്പത്തിക, സാമൂഹിക, അടിസ്ഥാന സൗകര്യ വികസനത്തിൽ പൊതുധാരക്ക് സമാനമായ തോതിലുള്ള വളർച്ചയിലെത്തിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | സി) തീരദേശവാസികളുടെ സാമ്പത്തിക സാമൂഹിക അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പു മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

# അനുബന്ധം (എ)

സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിയ്ക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 200 ലക്ഷം രൂപ 2016-17 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ഗുണഭോക്താക്കളിൽ 63 പേർ ഭൂമി വാങ്ങിയിട്ടുണ്ട്. മറ്റു ജില്ലകളിലെ ഗുണഭോക്താക്കൾ സ്ഥലം കണ്ടെത്തി ലാന്റ് വാല്യു നിശ്ചയിച്ച് സ്ഥലം വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിയ്ക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധന സഹായം @ 4 ലക്ഷം രൂപ | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിയ്ക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിയ്ക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ളാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ജില്ലാ ഓഫീസുകൾ മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇതിന്റെ ഫീൽഡ് ലെവൽ പരിശോധന നടന്നു കൊണ്ടിരിക്കുകയുമാണ്.

ഭൂരഹിതരും ഭവനരഹിതരുമായ തിരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി" നടപ്പിലാക്കുന്നതിനായി 48.75 കോടി രൂപയുടെ ഭരണാനുമതി നൽകി. ടി പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വലിയതുറ മത്സ്യഗ്രാമത്തിൽ

32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫ്ളാറ്റ് നിർമ്മാണം ആരംഭിക്കുകയും 8 ഫ്ളാറ്റുകൾ നിർമ്മാണം പൂർത്തികരിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

ഭൂരഹിതരും ഭവനരഹിതരായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നടത്തി വരുന്ന പ്രവർത്തി അന്തിമ ഘട്ടത്തിലാണ്. കൂടാതെ തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്ക് വാങ്ങിയ 105.55 ആർ സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് അപാർട്ട്മെന്റ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ അടിമലത്തുറയിൽ 1.41 ഏക്കർ സ്ഥലത്തും കണ്ണൂർ ജില്ലയിലെ ആയിക്കരയിലും വ്യക്തിഗത ഫ്ളാറ്റുകൾ നിർമ്മിക്കുവാനുള്ള നടപടികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**

# അനുബന്ധം (ബി)

തീരദേശവാസികളുടെ സാമ്പത്തിക സാമൂഹിക അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പു മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്കായി 150 കോടി രൂപയുടെ ഭവന നിർമ്മാണ പദ്ധതികൾ, 20 കോടി രൂപയുടെ ഭവനപുനരുദ്ധാരണ പദ്ധതി, 20 കോടി രൂപയുടെ വൈദ്യുതീകരണ പദ്ധതി, ഫിഷറീസ് കോളനികളുടെ പുനരുദ്ധാരണത്തിന് 9.77 കോടി രൂപയുടെ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ്, ബാങ്ക്, സിവിൽ സർവ്വീസ്, പി.എസ്.സി. കോച്ചിംഗ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ, മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളി വനിതകളുടെ ഉന്നമനത്തിനായി തീരമൈത്രി പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാനസൗകര്യ വികസനം, മത്സ്യ വിതരണ വിപണനരംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ തീരദേശവാസികളെ സാമ്പത്തിക, സാമൂഹിക, അടിസ്ഥാന സൗകര്യ വികസനത്തിൽ പൊതുധാരക്ക് സമാനമായ തോതിലുള്ള വളർച്ചയിലെത്തിക്കാൻ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- 53.45 കോടി രൂപയുടെ ഭവന നിർമ്മാണ സഹായം
- 99.92 കോടി രൂപയുടെ 117 കുടിവെള്ള പദ്ധതികൾ
- 27.60 കോടി രൂപയുടെ 66 വൈദ്യുതീകരണ പദ്ധതികൾ
- 110.18 കോടി രൂപയുടെ 82 സ്കൂൾ കെട്ടിട നിർമ്മാണം
- 73.93 കോടി രൂപയുടെ 77 ആശുപത്രി കെട്ടിട നിർമ്മാണം
- 24.30 കോടി രൂപയുടെ 19 ഫിഷറീസ് റോഡ്, കലുങ്ക് എന്നിവയുടെ നിർമ്മാണം
- 75.74 കോടി രൂപയുടെ 42 ആധുനിക മത്സ്യമാർക്കറ്റുകളും 4 മിനി മത്സ്യമാർക്കറ്റുകളും
- 10.33 കോടി രൂപയുടെ 33 ലൈബ്രറി കെട്ടിടങ്ങൾ
- 6.08 കോടി രൂപയുടെ 66 അംഗൻവാടികൾ
- 10.86 കോടി രൂപയുടെ 147 ഹൈമാസ്റ്റ്ലൈറ്റുകൾ
- 19.46 കോടി രൂപയുടെ 22 ഫിഷ്ലാന്റിംഗ് സെന്ററുകൾ
- 17.43 കോടിരൂപയുടെ 50 നെറ്റ് മെന്റിംഗ് യാർഡുകൾ
- 9.29 കോടി രൂപയുടെ 11 ഡ്രെയിനേജുകൾ
- 3.61 കോടി രൂപയുടെ 17 പബ്ലിക്ക് ടോയ്ലറ്റുകൾ
- 7.64 കോടി രൂപയുടെ 1940 ജീവനോപാധി സഹായം
- 2.00 കോടി രൂപയുടെ 4 ഫിഷറീസ് സ്റ്റേഷനുകൾ
- 3.99 കോടി രൂപയുടെ 2 ഫിഷർമെൻ ട്രെയിനിംഗ് സെന്ററുകൾ
- 3.5 ലക്ഷം രൂപയുടെ 2 ഗൈഡ്ലൈറ്റുകൾ
- 1.00 കോടി രൂപയുടെ 4 ഷെൽട്ടർ ഷെഡുകൾ
- 1.02 കോടി രൂപയുടെ 2 കമ്മ്യൂണിറ്റി ഫെസിലിറ്റി സെന്ററുകൾ

- 1.26 കോടി രൂപയുടെ 2 സോളാർ ഫിഷ്ഡ്രൈയിംഗ് യൂണിറ്റുകൾ
- 3.37 കോടി രൂപയുടെ കൃത്യമ പാര് സ്ഥാപിക്കൽ
- 1.23 കോടി രൂപയുടെ കട്ടമരം മോട്ടോറൈസേഷൻ പദ്ധതി.
- 3.90 കോടി രൂപയുടെ ഫ്രഷ് ഫിഷ് ടു ആൾ പദ്ധതി
- 2.68 കോടി രൂപയുടെ ആഴക്കടൽ മത്സ്യബന്ധനപദ്ധതി
- 37.08 കോടി രൂപയുടെ ഫിഷറീസ് ഫാം വികസനം

**മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

(1) എൻ.സി.ഡി.സി. ധനസഹായത്തോടു കൂടിയുളള സംയോജിത മത്സ്യ വികസന പദ്ധതി.

(2) എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുളള പദ്ധതികൾ.

(എ) ടേം വായ്പകൾ

(ബി) മൈക്രോഫിനാൻസ് വായ്പ

(3) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി

(4) ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം

(5) വലകൾക്കുളള സബ്സിഡി പദ്ധതി.

(6) ബാങ്കുകളിൽ നിന്നുളള വായ്പയ്ക്കുളള സബ്സിഡി പദ്ധതി.

(7) മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

(8) നാടൻ വളളങ്ങളുടെ നവീകരണം.

(9) സബ്സിഡി നിരക്കിൽ വെളള മണ്ണെണ്ണ വിതരണ പദ്ധതി

(10) മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ.

(11) മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി

**സെക്ഷൻ ആഫീസർ**